for Development Works.

		Rs.
Trivandrum District	..	10,86,420
Quilon District	..	9,17,507
Kottayam District	..	16,29,247
Trichur District	..	2,46,262
Total	..	38,79,436
(b) Civil Works	..	67,54,000
Development Works	..	80,57,000

കുട്ടികളുടെ ആരോഗ്യനില.

*644. [45] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുന്നതിനു് എന്തെങ്കിലും ഏർപ്പാടുകളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ., ബി.) വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുന്നതിനു് ഇപ്പോൾ ഏർപ്പാടൊന്നും ഇല്ല. ഗവണ്മെൻറു് നിർദ്ദേശം അനുസരിച്ചു് വിദ്യാഭ്യാസ ഡയറക്ടർ, സർജൻ ജനറൽ, പബ്ലിക്കു് ഹെൽത്തു് ഡയറക്ടർ ഇവർ ആലോചിച്ചു് ഈ ആവശ്യത്തിനു് ഒരു സ്കീം തയ്യാറാക്കി അയച്ചിട്ടുണ്ടു്. സ്കീം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

ബസ്സ്റൂട്ടു് ദേശവൽക്കരണം.

*645. [47] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954–55 സാമ്പത്തികവർഷത്തിൽ ഈ സ്റ്റേറിലെ എത്തെല്ലാം പുതിയ ലൈനുകളിൽ ട്രാൻസ്പോർട്ടു സർവ്വീസു് ഭാഗികമായോ, പരിപൂർണ്ണമായോ നടപ്പിൽ വരുത്തിയിട്ടുണ്ടു്;

(ബി) ട്രാൻസ്പോർട്ടു ദേശവൽക്കരണത്തെപ്പറ്റി ഈ ഗവണ്മെൻറിൻെറ നയം എന്താണു്;

(സി) 1955–56 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പുതിയ ലൈൻ ദേശവൽക്കരിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏവ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1954–55-ൽ താഴെ പറയുന്ന ലൈനുകളിൽ എക്സ്പ്രസ്സ് സർവ്വീസുകൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്.

1. എറണാകുളം–തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

2. തൃശ്ശൂർ–ഷോർണ്ണൂർ
3. തൃശ്ശൂർ–കുന്നംകുളം
4. കോട്ടയം–തേവിക്കുളം
5. കോട്ടയം–തേക്കടി
6. എറണാകുളം–തേവിക്കുളം

(ബി) ടാൻസ്പോർട്ട് ടോക്കൺ ഒരു നയമായി ഗവണ്മെൻറ് വളരെ മുമ്പുതന്നെ സ്വീകരിച്ചിട്ടുള്ളതാണ്.

(സി., ഡി.) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ചെമ്മീൻവാറുസമ്പ്രദായം.

* 646. [48] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളിൽ നിന്നും ചെമ്മീൻ വാറുന്നതിന് (പെട്രോമാക്സ് ലൈറ്റുപയോഗിച്ച് ചെമ്മീൻ പിടിക്കുക) പ്രത്യേകം അനുവാദം വാങ്ങണമോ ; വേണമെങ്കിൽ കായംകുളം കായലിൽ ആറ് ഏക്കറിൽ കൂടുതൽ കുത്തകപ്പാട്ടത്തിനു് എടുത്തു് കൈവശം വച്ചിരിക്കുന്ന കെ. ഭാസ്കരൻ, ഇ. ഭാസ്കരൻ, എക്സ് എം. എൽ. എ. എന്നിവർ അനുവാദം വാങ്ങിയിട്ടുണ്ടോ ;

(ബി) ചെമ്മീൻ വാറു സമ്പ്രദായം മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാണെന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്രത്യേക അനുവാദം വാങ്ങണം. എന്നാൽ നിലങ്ങളിൽ നിന്നും പുറംപോക്കു തോടുകളിൽ നിന്നും മാത്രമേ സാധാരണ ചെമ്മീൻ വാറാറുള്ളൂ. കെ. ഭാസ്കരനും, ഇ. ഭാസ്കരനും കായംകുളം കായലിൽ കുറച്ചുസ്ഥലം പതിച്ചുകൊടുത്തിരിക്കുന്നതു് മത്സ്യം വളർത്താൻ വേണ്ടിയാണ്.

(ബി) ഇല്ല. എന്നാൽ വടക്കൻ താലൂക്കുകളിലുള്ള നിലങ്ങളിൽ വർഷക്കെട്ടുസമ്പ്രദായം അതായതു കൃഷിസമയത്തു് ചെമ്മീൻവാറുന്നതു്, മത്സ്യത്തൊഴിലാളികൾക്കും, കർഷകർക്കും ദോഷകരമാണെന്നുള്ള പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾ.

* 647. [54] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും, സാമ്പത്തികവുമായ അവശതകൾ പരിഹരിക്കുന്നതിനു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ക്കുവാൻ എന്തെല്ലാം സ്കീം ഗവണ്മെൻറ് തയ്യാറാക്കിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly